പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1033 — 12/06/2014 ൽ മറുപടിയ്ക്ക്

## കക്കയം ജി.എൽ.പി. സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | കക്കയം ജി.എൽ.പി. സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും കെ.എസ്.ഇ.ബി. യുടേതായതിനാൽ ഗ്രാമ പഞ്ചായത്തിന് നവീകരണ പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (ബി) | സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും KSEB യുടേതായതിനാൽ പഞ്ചായത്ത് മുഖേന നവീകരണ പ്രവർത്തനങ്ങൾ നടക്കാത്ത സ്ഥിതിയാണുണ്ടായിരുന്നത്. അതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ KSEB അധികൃതരുമായി ചർച്ച നടത്തുകയും കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ പൂർത്തിയാക്കുകയും കെട്ടിടത്തിന് 17.12.13 ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | സ്കൂളിനുവേണ്ടി വൈദ്യുതി പദ്ധതി മേഖലയ്ക്കുപുറത്ത് സ്ഥലം ലഭ്യമാക്കിയതായി വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്, സ്കൂളിനുവേണ്ടി കൂരാച്ചുണ്ട് വില്ലേജ് അൺസർവ്വേ U/S 553/4, 554/2 ൽപെടുന്ന റോഡ് സൗകര്യത്തോടുകൂടിയ 50 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. |
| ഡി) | പുതിയ ഭൂമിയിൽ സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ എസ്.എസ്.എ പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; | (ഡി) | ഇല്ല. പ്രധാനാധ്യാപകൻ പ്രപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കാൻ 2014-15 വർഷം എസ്.എസ്.എ പദ്ധതിയിൽ "ബിൽഡിംഗ് ലെസ് പ്രൈമറി" എന്ന ഇന്റർവെൻഷനിൽ 30,00,000/- രൂപ ഉൾപ്പെടുത്തി MHRD -യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു എങ്കിലും MHRD യിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതിയിൽ പ്രസ്തുതതുക വകയിരുത്തിയിട്ടില്ല. |
| ഇ) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം നൽകാമോ ? | (ഇ) | 2015-16 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |

Paduakuh

സെക്ഷൻ ഓഫീസർ